

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും

സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


20 തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും. 1

1 ബുദ്ധമതത്തിന്റെ പരിവർത്തനം . . . 2

2 ബൗദ്ധവിഹാരങ്ങളുടെ തകർച്ച . . . 3

3 തന്ത്രമന്ത്രങ്ങളുടെ പശ്ചാത്തലം . . . 4

4 തന്ത്രവിദ്യയുടെ സാധനകൾ . . . . . 5

5 കുണ്ഡലിനി . . . . . . . . . . . . . 6

6 പഞ്ചതത്വപൂജ . . . . . . . . . . . . 7

7 ബുദ്ധമതത്തിന്റെ അധഃപതനം . . . 8

8 ദക്ഷിണേന്ത്യയിൽ . . . . . . . . . . 9

## 20

# തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും

വൈദികകാലഘട്ടത്തിന്റെ അന്ത്യത്തിൽ ബ്രാഹ്മണമതം സാമൂഹ്യപുരോഗതിക്ക് ഒരു വിലങ്ങുതടിയായിത്തീരുകയും ക്ഷത്രിയന്മാരുടെയും വൈശ്യന്മാരുടെയും നേതൃത്വത്തിലുള്ള വിസ്തൃതങ്ങളായ സാമ്രാജ്യങ്ങൾക്കു പറ്റിയ പുതിയൊരു പ്രത്യയശാസ്ത്രം ആവശ്യമായിത്തീരുകയും ചെയ്തപ്പോഴാണ് ബുദ്ധമതം ആവിർഭവിച്ചതെന്ന് മുമ്പൊരധ്യായത്തിൽ ചൂണ്ടിക്കാണിച്ചുവല്ലോ. സാമൂഹ്യപരിണാമത്തിന്റെ വിവിധഘട്ടങ്ങളിൽ ജീവിച്ചുപോന്ന വ്യത്യസ്ത ജനവിഭാഗങ്ങളെയും വ്യത്യസ്തതാൽപ്പര്യങ്ങളോടു കൂടിയ ധനികദരിദ്ര വിഭാഗങ്ങളെയും ഒരു സാമ്രാജ്യത്തിനുള്ളിൽ യോജിപ്പിച്ചു നിർത്താനും കൈവേലകളുടെയും കൈത്തൊഴിലുകളുടെയും അഭിവൃദ്ധിക്കു പ്രചോദനം നൽകാനും ബുദ്ധമതം സഹായകരമായിത്തീർന്നു. അങ്ങനെ വൈദികാദർശങ്ങൾക്കെതിരായ ബൗദ്ധദർശനവും ബുദ്ധമതത്തിന്റെ നീതിധർമങ്ങളും പ്രാചീനേന്ത്യാചരിത്രത്തിൽ പുരോഗമനപരമായ ഒരു പങ്കാണ് വഹിച്ചത്.

മൗര്യസാമ്രാജ്യത്തിന്റെ കാലഘട്ടമായിരുന്നു ബുദ്ധമതത്തിന്റെ സുവർണയുഗം. അക്കാലത്താണ് അത് ധനികന്മാർക്കും ദരിദ്രന്മാർക്കുമിടയിൽ ഒരുപോലെ സ്വാധീനം നേടിയത്. അശോകചക്രവർത്തി തന്നെ ബുദ്ധമതത്തിന്റെ ഏറ്റവും വലിയ പ്രചാരകനായിരുന്നു. പക്ഷേ, അപ്പോഴും വർണവ്യവസ്ഥ തന്നെയായിരുന്നു സാമൂഹ്യജീവിതത്തിന്റെ അടിത്തറ. ബ്രാഹ്മണരുടെ ആധിപത്യത്തിനു മാത്രമാണ് കോട്ടം തട്ടിയത്. മൗര്യസാമ്രാജ്യത്തിന്റെ പതനത്തിനുശേഷം അവർ വീണ്ടും പുതിയ രൂപത്തിൽ ഉയിർത്തെഴുന്നേൽക്കാനും സമുദായത്തിൽ ആധിപത്യം നേടാനും ശ്രമിച്ചുനോക്കി. പക്ഷേ, ബുദ്ധമതക്കാർ വിട്ടുകൊടുത്തില്ല. സാമ്പത്തികരംഗത്തിലെന്നപോലെ മതത്തിന്റെയും ദർശനത്തിന്റെയും മേഖലകളിലും അവർ ബ്രാഹ്മണർക്കെതിരായി പോരാടി. ക്ഷയോന്മുഖമായ മേഖലകളിലും അവർ ബ്രാഹ്മണമതത്തിനു പിൻവാങ്ങുകയല്ലാതെ ഗത്യന്തരമില്ലെന്നുവന്നു. പക്ഷേ, ആ പിൻവാങ്ങൽ പുതിയ രൂപത്തിലും പുതിയ വേഷത്തിലും പുതിയ സാഹചര്യങ്ങൾക്കു പറ്റിയ വിധത്തിലും വീണ്ടും രംഗത്തുവരാനുള്ള ഒരുക്കം കൂട്ടലായിരുന്നു. എന്തെന്നാൽ, ഗുപ്തസാമ്രാജ്യത്തിന്റെ കാലമായപ്പോഴേക്കും ബുദ്ധമതത്തിന്റെ പ്രതാപത്തിനും പ്രശസ്തിക്കും കോട്ടം തട്ടുകയും അതു ക്ഷയോന്മുഖമാകാൻ തുടങ്ങുകയും ചെയ്തു. മധ്യയുഗത്തിൽ വർണവ്യവസ്ഥ നാടുവാഴിവ്യവസ്ഥയ്ക്കു വഴിമാറി കൊടുക്കാൻ തുടങ്ങിയപ്പോൾ പ്രാചീന ബ്രാഹ്മണമതത്തിനെന്ന പോലെ തന്നെ അതിനെത്തുടർന്നുണ്ടായ ബുദ്ധമതത്തിനും സമൂഹത്തിന്റെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയാതെയായി. മാറിയ കാലഘട്ടവുമായി ഇണങ്ങിച്ചേരാനോ മനുഷ്യന്റെയും സമൂഹത്തിന്റെയും പുതിയ പ്രശ്നങ്ങൾക്കു പരിഹാരം കാണാനോ അതിനു സാധിക്കാതെയായി. ഈ സാഹചര്യത്തിലാണ് ഹിന്ദുമതം ആവിർഭവിച്ചത്. ബുദ്ധമതത്തിന്റെ ഉയർച്ചയെപ്പറ്റിയും അതിനെത്തുടർന്ന് ഹിന്ദുമതത്തിനുണ്ടായ പ്രചാരത്തെപ്പറ്റിയുമുള്ള പഠനങ്ങളിൽ ഇന്നത്തെ പുരോഗമനപ്രസ്ഥാനങ്ങൾക്കാവശ്യമായ ഒരു ഗുണപാഠം അടങ്ങിയിരിക്കുന്നുണ്ടെന്നു കാണാം.

## 1 ബുദ്ധമതത്തിന്റെ പരിവർത്തനം

മൗര്യസാമ്രാജ്യത്തിലെന്നപോലെ തന്നെ ഗുപ്തസാമ്രാജ്യത്തിലും സാമൂഹ്യപരിണാമത്തിന്റെ വിവിധഘട്ടങ്ങളിൽ ഏറെക്കുറെ ഒറ്റപ്പെട്ടു ജീവിച്ചിരുന്ന ജനവിഭാഗങ്ങൾ വ്യത്യസ്തങ്ങളായ ജീവിതരീതികളിലും വ്യത്യസ്തങ്ങളായ മതച്ചടങ്ങുകളുമാണ് നിലനിർത്തിപ്പോന്നിരുന്നത്. സാമ്രാജ്യങ്ങളുടെ വിസ്താരവും വ്യാപാരത്തിന്റെ പുരോഗതിയും ഈ വ്യത്യസ്തജനവിഭാഗങ്ങളെ പരസ്പരം ബന്ധപ്പെടുത്താൻ സഹായിച്ചു. വ്യത്യസ്തങ്ങളായ മതവിശ്വാസങ്ങൾക്കും മതച്ചടങ്ങുകൾക്കും ചെറിയ തോതിലെങ്കിലും കൂടിക്കലരാൻ ഒരു സാഹചര്യമായിരുന്നു ഇത്.

ബ്രാഹ്മണവൈദികന്മാരുമായുള്ള മത്സരത്തിൽ ബൗദ്ധഭിക്ഷുക്കൾ, പ്രത്യേകിച്ചും മഹായാനക്കാർ, സാംസ്കാരികമായി പിന്നണിയിൽ കിടന്നിരുന്ന ജനവിഭാഗങ്ങളെപ്പോലും തങ്ങളുടെ പിന്നിൽ അണിനിരത്താൻ ശ്രമിച്ചു. ഈ ശ്രമത്തിനിടയിൽ ബുദ്ധന്റെ കാലത്തു കർശനമായി പാലിക്കപ്പെട്ടിരുന്ന പഞ്ചശീലങ്ങളും മറ്റു നീതിധർമങ്ങളും ബലികഴിക്കപ്പെട്ടു. ബുദ്ധമതതത്വങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിച്ചതിലുമധികം ജനങ്ങളുടെ വിശ്വാസങ്ങളും ആരാധനാസമ്പ്രദായങ്ങളും ബുദ്ധമതത്തിൽ ലയിച്ചു ചേരുകയാണുണ്ടായത്.

ബുദ്ധൻ സൃഷ്ടികർത്താവും സർവശക്തനും സർവജ്ഞനും മറ്റും മറ്റുമായ ഏതെങ്കിലും ദൈവത്തിലോ നിത്യവും ശാശ്വതവും സച്ചിദാനന്ദസ്വരൂപവുമായ ഒരു പരമാത്മാവിലോ ഒന്നും വിശ്വസിച്ചിരുന്നില്ലെന്നു നമ്മൾ കണ്ടു കഴിഞ്ഞുവല്ലോ. എന്നാൽ, മധ്യകാലത്തെ മഹായാനപണ്ഡിതന്മാർ ബുദ്ധനെത്തന്നെ ദൈവങ്ങളുടെ ദൈവമാക്കി മാറ്റി. അനശ്വരമായ ആത്മാവിന്റെ അസ്തിത്വത്തെ നിഷേധിച്ച ബുദ്ധൻ ശാശ്വതമായി നിലനിൽക്കുന്ന ബുദ്ധശാക്യമുനിയായി, ബോധിസത്വമായി, ദൈവത്തിന്റെ അവതാരങ്ങളിലൊന്നായി, ആരാധിക്കപ്പെടാൻ തുടങ്ങി. മഹായാനഭിക്ഷുക്കളുടെ നേതൃത്വത്തിൽ ബുദ്ധന്റെ ത്രികായങ്ങളെപ്പറ്റിയുള്ള ഒരു പുതിയ സിദ്ധാന്തം പ്രചരിപ്പിക്കപ്പെട്ടു. ഈ സിദ്ധാന്തമനുസരിച്ച് ബുദ്ധന് മൂന്നു രൂപങ്ങളുണ്ട്. നിത്യമായ ധർമത്തെ പ്രതിഫലിപ്പിക്കുന്ന ധർമകായം, മനുഷ്യരൂപത്തിലുള്ള ബുദ്ധന്റെ പ്രതീകമായ നിർമാണകായം, ആനന്ദത്തെ കുറിക്കുന്ന സംഭോഗകായം. ഹിന്ദുമതത്തിലെ ത്രിമൂർത്തികളായ ബ്രഹ്മവിഷ്ണു മഹേശ്വരന്മാരോടു കിടപിടിച്ചുകൊണ്ട് ത്രികായബുദ്ധനും ജനങ്ങൾക്കിടയിൽ സ്വാധീനം നേടാൻ തുടങ്ങി. ബ്രഹ്മവിഷ്ണുമഹേശ്വരന്മാരെ അനുകരിച്ചുകൊണ്ട് ത്രികായബുദ്ധൻ ആവിർഭവിച്ചുവോ, അതോ, ത്രികായബുദ്ധനെ അനുകരിച്ചുകൊണ്ട് ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ പ്രത്യക്ഷപ്പെട്ടുവോ, എന്നത് ഒരു തർക്കവിഷയമാണ്. സത്യമെന്തായാലും, മധ്യകാലത്ത് ത്രികായബുദ്ധൻ ജനങ്ങളുടെ ആരാധനാമൂർത്തിയായിത്തീർന്നു എന്ന കാര്യത്തിൽ സംശയമില്ല. വ്യക്തിയുടെ മോചനത്തിന് വൈദികയജ്ഞങ്ങളല്ല, സാന്മാർഗിക ജീവിതത്തിലൂടെ പരിപൂർണത നേടലാണ്, ആവശ്യം എന്നാണ് ബുദ്ധൻ സിദ്ധാന്തിച്ചിരുന്നത്. ഇപ്പോൾ വ്യക്തിയുടെ മോക്ഷത്തിന് ഉൽകൃഷ്ടമായ സാന്മാർഗികജീവിതമല്ല, അനശ്വരനായ ബുദ്ധന്റെ കൃപയും സാന്മാർഗികജീവിതവുമായി നേരിട്ടു ബന്ധമൊന്നുമില്ലാത്ത പൂജാദികർമങ്ങളും ആവശ്യമായിത്തീർന്നു. ഭിക്ഷുക്കൾ വിഹാരങ്ങൾക്കുള്ളിൽ അടച്ചിരുന്നു ധ്യാനിച്ചാൽ മാത്രം പോരാ, ജങ്ങളുടെയിടയിലേക്കിറങ്ങിച്ചെന്ന് അവർക്ക് ദുഃഖങ്ങളിൽ നിന്നു മോചനം നേടാനുള്ള മാർഗം ഉപദേശിച്ചുകൊടുക്കണം എന്ന് ഉൽബോധിപ്പിച്ച ബുദ്ധൻ യാഥാർഥ്യനിഷേധത്തിന്റെ പ്രതീകമായി മാറി. ഐഹികദുഃഖങ്ങൾക്കു പരിഹാരം കാണാൻ ശ്രമിച്ച ബുദ്ധൻ ജീവിതപ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറിയ ദൈവമായി വ്യാഖ്യാനിക്കപ്പെട്ടു. അങ്ങനെ സാംസ്കാരികവും സാന്മാർഗികവുമായ ജീവിതത്തിന്റെ ഉന്നതമായ ഒരു തത്വശാസ്ത്രം അന്ധവിശ്വാസങ്ങൾക്കും വേണ്ടിയുള്ള ഒരു ബിംബമായി മാറി. മോക്ഷത്തിനുള്ള ഒരേയൊരു മാർഗം ബുദ്ധനെ ശരണം പ്രാപിച്ചുകൊണ്ട് ബൗദ്ധസംഘങ്ങൾക്കു പണം കൊടുക്കലാണെന്നു വന്നു. ‘ബുദ്ധം ശരണം ഗച്ഛാമി, ‘സംഘം ശരണം ഗച്ഛാമി’ എന്നീ മുദ്രാവാക്യങ്ങൾ എല്ലായിടത്തും ഉച്ചത്തിൽ മുഴക്കപ്പെട്ടു. ആദർശങ്ങൾ മുദ്രാവാക്യങ്ങൾക്കും ലളിതമായ ജീവിതം സുഖഭോഗങ്ങൾക്കും നിസ്വാർഥസേവനം അധികാരമോഹത്തിനും വഴിമാറിക്കൊടുത്തു. രാജാക്കന്മാരുടെയും നാടുവാഴി പ്രഭുക്കളുടെയും വ്യാപാരികളുടെയും നിർലോഭമായ സാമ്പത്തികസഹായത്തോടുകൂടി നിരവധി ബൗദ്ധവിഹാരങ്ങൾ ഉയർന്നുവന്നു. അവയിലെ അന്തേവാസികളായ ഭിക്ഷുക്കൾ സാധാരണജനങ്ങളുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ലാതെ അൽപ്പസമയം ധ്യാനത്തിലും മറ്റു സമയമെല്ലാം സുഖഭോഗങ്ങളിലുമായി കഴിച്ചുകൂട്ടി. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ വസുബന്ധു തന്റെ സുപ്രസിദ്ധമായ അഭിധമ്മകോശത്തിൽ ഇങ്ങനെ താക്കീതു നൽകുകയുണ്ടായി: “ഈ കാലഘട്ടത്തിലെ മതം അന്ത്യശ്വാസം വലിക്കുകയാണിപ്പോൾ. ദുർഗുണങ്ങൾക്കു ശക്തി കൂടിയിരിക്കുകയാണ്. മോചനം കാംക്ഷിക്കുന്നവർ വളരെ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു”.

## 2 ബൗദ്ധവിഹാരങ്ങളുടെ തകർച്ച

സാമൂഹ്യജീവിതത്തിലും സാമൂഹ്യഘടനയിലുമുണ്ടായ മാറ്റങ്ങൾ ബുദ്ധമതത്തിന്റെ അധഃപതനത്തെ ത്വരിതപ്പെടുത്തി. ബൗദ്ധഭിക്ഷുക്കൾക്ക് ആദ്യകാലത്തുണ്ടായിരുന്ന അന്തസ്സും പദവിയും നഷ്ടപ്പെട്ടു. അതോടെ ബൗദ്ധവിഹാരങ്ങളും ക്ഷയിക്കാൻ തുടങ്ങി.

അശോകചക്രവർത്തിയുടെ ഭരണത്തിൻകീഴിൽ ബുദ്ധമതത്തിന്റെ ജനസ്വാധീനം വർധിച്ചുകൊണ്ടിരുന്ന കാലത്താണ് രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ബൗദ്ധവിഹാരങ്ങൾ ഉയർന്നുവന്നത്. ഹർഷവർധനന്റെ കാലമായപ്പോഴേക്കും (ക്രിസ്ത്വബ്ദം 606—646) ബുദ്ധമതം തികച്ചും ക്ഷയോന്മുഖമായിക്കഴിഞ്ഞിരുന്നു. വിഹാരങ്ങളെ പുനരുദ്ധരിക്കാൻ ഹർഷൻ ചില ശ്രമങ്ങൾ നടത്തിനോക്കി. പക്ഷേ, വലിയ ഫലമൊന്നുമുണ്ടായില്ല. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഹ്യയാൻത്സാങ് ബൗദ്ധവിഹാരങ്ങൾക്ക നേരിട്ട ദുർദശയെപ്പറ്റി തന്റെ യാത്രാവിവരണങ്ങളിൽ വിസ്തരിച്ച പ്രതിപാദിക്കുകയുണ്ടായി. ആരാലും ശ്രദ്ധിക്കപ്പെടാതെ ഇടിഞ്ഞു പൊളിഞ്ഞു വീണ ഒട്ടനവധി വിഹാരങ്ങളുടെ അവശിഷ്ടങ്ങൾ അദ്ദേഹം നേരിട്ട കണ്ടുവത്രേ. ബുദ്ധമതത്തിന്റെ ചരിത്രത്തിൽ വലിയൊരു പങ്കു വഹിച്ച ശ്രാവസ്തിയിൽ—അവിടെവെച്ചാണ് ബുദ്ധൻ തന്റെ സുപ്രസിദ്ധങ്ങളായ ചില പ്രഭാഷണങ്ങൾ നടത്തിയത്—ഒരു വലിയ വിഹാരത്തിന്റെ അവശിഷ്ടങ്ങൾ മാത്രമേ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞുള്ളൂ. ഫാഹിയാൻ ഇന്ത്യ സന്ദർശിച്ച കാലത്ത് ബൗദ്ധഭിക്ഷുക്കളുടെ ഒരു കേന്ദ്രമായിരുന്ന അത്. ഏഴാം നൂറ്റാണ്ടിന്റെ ഉത്തരാർധമായപ്പോഴേക്കും അതൊരു വിജനസ്ഥലമായി മാറി. ബുദ്ധന്റെ ജന്മസ്ഥലമാണെന്നു വിശ്വസിക്കപ്പെട്ടുപോന്ന കപിലവസ്തു പോലും ജീർണിച്ചു കഴിഞ്ഞിരുന്നു എന്ന് ഹ്യയാൻത്സാങ് രേഖപ്പെടുത്തുന്നു. നാളന്ദ മാത്രം ഒരു പഠനകേന്ദ്രമെന്ന നിലയ്ക്ക് നശിക്കാതെ നിലനിന്നിരുന്നുവത്രേ.

പക്ഷേ, ബൗദ്ധന്മാരുടെ വീക്ഷണഗതിയിലുണ്ടായ വ്യത്യാസങ്ങൾ പഠനകേന്ദ്രങ്ങളെയും ബാധിക്കാതിരുന്നില്ല. അഭിധമ്മകോശം തുടങ്ങിയ ബൗദ്ധഗ്രന്ഥങ്ങളോടൊപ്പം തന്ത്രകർമങ്ങളെപ്പറ്റിയുള്ള പഠനത്തിനും പ്രാധാന്യം നൽകപ്പെട്ടിരുന്നു. വിനയതോഷ് ഭട്ടാചാര്യ എഴുതുന്നു: "പാലരാജാക്കന്മാരുടെ കാലത്ത് തന്ത്രവിദ്യയ്ക്ക് പ്രാധാന്യം ലഭിച്ചു എന്ന കാര്യത്തിൽ സംശയമില്ല. അക്കാലത്ത് നാളന്ദ, വിക്രമശില തുടങ്ങിയ സർവകലാശാലകളിൽ പോലും പാഠ്യവിഷയങ്ങളുടെ കൂട്ടത്തിൽ തന്ത്രവിദ്യയും ഉൾപ്പെടുത്തേണ്ടിവന്നു. തന്ത്രവിദ്യയിൽ ഉപരിപഠനം നേടണമെന്നാഗ്രഹിക്കുന്നവർക്കു വേണ്ടി സ്ഥിരമായിത്തന്നെ പ്രത്യേകം അധ്യാപകന്മാരും നിയമിക്കപ്പെടേണ്ടിവന്നു." [1]

---

1. Benoytosh Bhattacharya: Cultural Heritage of India, Vol. II. P. 218.

# 3 തന്ത്രമന്ത്രങ്ങളുടെ പശ്ചാത്തലം

സാമൂഹ്യജീവിതത്തിൽ മന്ത്രവും തന്ത്രവും മതത്തിന്റെ അവിഭാജ്യഘടകങ്ങളായി കഴിഞ്ഞിരുന്നു. ഭിക്ഷുക്കളെക്കാളധികം തന്ത്രികളും മന്ത്രവാദികളും ആദരിക്കപ്പെടാൻ തുടങ്ങിയ ഒരു കാലമായിരുന്നു അത്.

അമ്മ ദൈവങ്ങളിലും ഉൽപ്പാദനശേഷിക്കു വേണ്ടിയുള്ള മതചടങ്ങുകളിലും വിശ്വസിച്ചിരുന്ന പ്രാകൃതകർഷക സമുദായങ്ങളിലാണ് തന്ത്രവിദ്യയുടെ ഉറവിടം കിടക്കുന്നതെന്ന് ദേവീപ്രസാദ് ചതോപാധ്യായ കരുതുന്നു. ലോകായതികന്മാർ താന്ത്രികമതക്കാർ എന്ന പേരിലാണ് ജനങ്ങൾക്കിടയിൽ അറിയപ്പെട്ടുപോന്നത് എന്നും പ്രാകൃതഗോത്രസമുദായക്കാരുടെ ലൈംഗികാരാധനാസമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട ഒരുതരം പ്രാക് ഭൗതികവാദമായിരുന്നു അവരുടെ വിശ്വാസത്തിന്റെ കാതൽ എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ലോകായതം മാത്രമല്ല, സാംഖ്യ—യോഗദർശനങ്ങൾ പോലും പ്രാകൃതതന്ത്രവിദ്യയിൽ നിന്ന് വികസിച്ചുണ്ടായവയാണെന്നാണ് അദ്ദേഹത്തിന്റെ ഉറച്ചവിശ്വാസം.

“ആദ്യമുണ്ടായിരുന്നത് തന്ത്രവിദ്യയും അതിന്റെ ചടങ്ങുകളുമായിരുന്നു. ആ മൗലികസമ്മിശ്രത്തിൽ നിന്നാണ് പിൽക്കാലത്തെ സാംഖ്യവും യോഗവും ആവിർഭവിച്ചത്” [2]

വർണവ്യവസ്ഥയുടെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന കാർഷിക കുലഗോത്ര സമുദായക്കാരുടെ പ്രാകൃതങ്ങളായ പല വിശ്വാസങ്ങളും ചടങ്ങുകളും മധ്യകാലത്തെ തന്ത്രവിദ്യയിൽ കലർന്നു ചേർന്നിട്ടുണ്ടെന്നു കരുതുന്നത് ശരിയായിരിക്കുമെന്നു തോന്നുന്നു. എന്നാൽ, രണ്ടും ഒന്നാണെന്നോ ഒരുപോലെയാണെന്നോ ധരിക്കുന്നത് ചരിത്രത്തെ അവഗണിക്കലാവും.; രണ്ടായിരത്തോളം വർഷങ്ങളുടെ അകൽച്ചയുള്ള രണ്ടു വ്യത്യസ്തകാലഘട്ടങ്ങളെ കൂട്ടിക്കുഴയ്ക്കുകയാവും. തന്ത്രവിദ്യയ്ക്ക് കുലഗോത്രസമുദായങ്ങളുടെ മന്ത്രവാദച്ചടങ്ങുകളുമായി എത്ര തന്നെ സാദൃശ്യമുണ്ടെങ്കിലും അത് പഴയതിന്റെ തുടർച്ചയല്ല. അത് പ്രാചീനഭൗതികവാദവുമായി ബന്ധപ്പെട്ടതാണെന്ന ധാരണയ്ക്കും യാതൊരടിസ്ഥാനവുമില്ല. എന്തെന്നാൽ, ബൗദ്ധന്മാരുടെ തന്ത്രവിദ്യയ്ക്ക് ആത്മീയവാദത്തിന്റെ അടിസ്ഥാനത്തിലുള്ള യോഗാചാരവുമായിട്ടാണ് അൽപ്പമെങ്കിലും ബന്ധമുള്ളത് എന്നുകാണാം.

പ്രാകൃതകുലഗോത്രസമുദായക്കാർക്കിടയിൽ മന്ത്രവാദം പരോക്ഷമായിട്ടാണെങ്കിലും ശാസ്ത്രജ്ഞാനത്തിൻറേതായ ഒരു പങ്കു വഹിച്ചിരുന്നു. ശാസ്ത്രജ്ഞാനത്തിന്റെ അഭാവത്തിൽ പ്രകൃതിയുടെ പ്രതിഭാസങ്ങളെപ്പറ്റി മനസ്സിലാക്കാനുള്ള അപര്യാപ്തമെങ്കിലും ധീരമായ ഒരു സംരംഭമായിരുന്നു അത്. മധ്യകാലത്താകട്ടെ, തന്ത്രവും മന്ത്രവാദവും മറ്റൊരു പങ്കാണ് വഹിച്ചത്. പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും പ്രതിഭാസങ്ങളുടെ കാരണങ്ങളെപ്പറ്റി ഒന്നുമറിയാത്ത ജനങ്ങളുടെ ചിന്തകളെയും പ്രവൃത്തികളെയും നിയന്ത്രിക്കാനുള്ള ഒരുപകരണമായിത്തീർന്നു അത്. അത് ഏറെക്കുറെ ശാസ്ത്രത്തിനു പകരമുള്ള ഒന്നായിത്തീർന്നു. അതു ശാസ്ത്രത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്തത്. ഗ്രാമസമുദായങ്ങളുടെ സ്തംഭനാവസ്ഥയും സാമ്പത്തികമായും പിന്നോക്കനിലയും അതേപടി നിലനിർത്താൻ സഹായിച്ചുകൊണ്ട് അത് സാമൂഹ്യപുരോഗതിയെ തടഞ്ഞുനിർത്തി. ശാസ്ത്രീയമായി കാര്യങ്ങൾ ഗ്രഹിക്കാൻ കഴിവില്ലാതിരുന്ന ജനങ്ങളെ അത് കെട്ടുകഥകളിലും അന്ധവിശ്വാസങ്ങളിലും മന്ത്രവാദചടങ്ങുകളിലും അഭയം തേടാനും അങ്ങനെ യാഥാർഥ്യത്തിൽ നിന്ന് ഓടി രക്ഷപെടാനും പ്രേരിപ്പിച്ചു. മനുഷ്യനു സ്വയം ചെയ്യാൻ കഴിയാത്തതെല്ലാം ആത്മീയശക്തികൾ ചെയ്തു കൊടുക്കുമെന്നായിരുന്നു വിശ്വാസം. ഇതായിരുന്നു മധ്യകാലത്തെ ഇന്ത്യയിലെ തന്ത്രവിദ്യയുടെയും മന്ത്രവാദചടങ്ങുകളുടെയും പശ്ചാത്തലം.

---

2. Debiprasad Chattopadhyaya: Lokayata, XVIII, P. 63.

# 4 തന്ത്രവിദ്യയുടെ സാധനകൾ

തന്ത്രവിദ്യയ്ക്ക് പ്രാചീനവൈദികാചാരങ്ങളുമായി വലിയ സാദൃശ്യമൊന്നുമില്ല. എങ്കിലും മധ്യകാലത്തെ ഹിന്ദുമതതാന്ത്രികന്മാർ തങ്ങൾ വേദാന്തയായികളാണെന്ന് അവകാശപ്പെട്ടു. തന്ത്രവിദ്യയുടെ ആഗമങ്ങൾ അഞ്ചാം വേദമാണെന്നു പ്രഖ്യാപിക്കപ്പെട്ടു. സർ ജോൺ വുഡ്റോഫ് എഴുതുന്നു: “ഇക്കാലത്തെ ജനങ്ങൾക്ക് വൈദികകർമകാണ്ഡം നടപ്പിൽ വരുത്താനാവശ്യമായ കഴിവോ ആയുസോ ധാർമികശക്തിയോ ഇല്ലാത്തതുകൊണ്ട് എല്ലാ ശാസ്ത്രങ്ങളുടെയും പൊതുലക്ഷ്യം—അതായത് ഐഹികസുഖം, ഇഹലോകത്തിനുശേഷം സ്വർഗം, ഒടുവിൽ മോക്ഷം എന്ന ലക്ഷ്യം—നേടാൻ തന്ത്രശാസ്ത്രം അതിന്റെ സ്വന്തമായ ഒരു സാധന നിർദേശിക്കുന്നു.” [3]

ബൗദ്ധതാന്ത്രികന്മാരാകട്ടെ, തങ്ങൾ മാത്രമാണ് ബുദ്ധന്റെ ശരിയായ അനുയായികളെന്നും തന്ത്രവിദ്യയുടെ ചടങ്ങുകളും ക്രിയകളും തെറ്റുകൂടാതെ അനുഷ്ഠിച്ചാൽ ബുദ്ധത്വം പ്രാപിക്കാൻ കഴിയുമെന്നുമാണ് പ്രഖ്യാപിച്ചത്.

പ്രാചീനകാലത്ത് സങ്കീർണങ്ങളും വിപുലമായ തോതിലുള്ളവയുമായ യജ്ഞങ്ങളൊക്കെ പുരോഹിതവർഗമാണ് നടത്തിയിരുന്നത്. സാധാരണക്കാരായ ബഹുജനങ്ങൾ ചുരുങ്ങിയ വഴിപാടുകൾ കൊണ്ടും ലളിതങ്ങളായ പൂജകൾകൊണ്ടും വെറും പ്രാർഥനകൾ കൊണ്ടും തൃപ്തിപ്പെട്ടു. മധ്യകാലത്ത് ഹിന്ദു ക്ഷേത്രങ്ങളും ബൗദ്ധവിഹാരങ്ങളും ഉയർന്നുവന്നതോടുകൂടി വിവിധരീതിയിലുള്ള പൂജകളുടെയും വഴിപാടുകളുടെയും ഉത്സവാഘോഷങ്ങളുടെയും മറ്റും അകമ്പടിയോടുകൂടിയ ബിംബാരാധനയ്ക്ക് വലിയ പ്രചാരം സിദ്ധിച്ചു. ഹിന്ദുമതവിശ്വാസികളും ബുദ്ധമതവിശ്വാസികളുമായ നാടുവാഴി പ്രഭുക്കൾക്കിടയിൽ മത്സരം മൂർഛിക്കും തോറും ക്ഷേത്രങ്ങളുടെയും വിഹാരങ്ങളുടെയും എണ്ണം വർധിച്ചുകൊണ്ടുവന്നു. ഈ ഘട്ടത്തിലാണ് തന്ത്രമന്ത്രങ്ങൾക്ക് പുതിയ അർഥവും അവയ്ക്ക് മതത്തിന്റെ അംഗീകാരവും ലഭിച്ചത്.

തന്ത്രവിദ്യ വെറും ആരാധനയോ പ്രാർഥനയോ മാത്രമല്ല. മന്ത്രങ്ങൾ, മുദ്രകൾ, മണ്ഡലങ്ങൾ മുതലായവയോടുകൂടിയ സങ്കീർണമായ ഒരു മതചടങ്ങാണത്. പൂജാവിധികളുമായി കൂട്ടിയിണക്കിക്കൊണ്ടുള്ള ചില പ്രത്യേകതരം കാര്യങ്ങൾക്കാണ് മുദ്രകൾ എന്നുപറയുന്നത്. ഉദാഹരണത്തിന്, വെള്ളം എടുത്തർപ്പിക്കുന്ന സമയത്ത് മത്സ്യമുദ്ര കാണിക്കണം. വുഡ്റോഫ് നടത്തിയ ഗവേഷണമനുസരിച്ച്, “വെള്ളം നിറച്ച പാത്രം മത്സ്യങ്ങളും ജലജന്തുക്കളുമടങ്ങിയ ഒരു സമുദ്രമാണ്” [4] എന്ന സങ്കൽപ്പത്തിന്റെ പ്രതീകമാണത്. പൂജകൾക്കും മറ്റു ചടങ്ങുകൾക്കും വേണ്ടി ശുദ്ധിവരുത്തിയ നിലത്ത് പലതരം നിറങ്ങൾ ചേർത്ത് വൃത്തത്തിലും ചതുരത്തിലും കോണാകൃതിയിലും മറ്റും വരച്ചുണ്ടാക്കുന്ന ചിത്രങ്ങൾക്ക്, അല്ലെങ്കിൽ കളങ്ങൾക്ക്, മണ്ഡലം എന്നുപറയുന്നു. ഏതെങ്കിലും ദൈവത്തെയോ പിശാചിനെയോ പ്രതിനിധീകരിക്കുന്ന മൂർത്തിയാണത് എന്നാണ് സങ്കല്പം. ചിലപ്പോൾ കളങ്ങളിൽ നടത്തപ്പെടുന്ന പൂജകളോടൊപ്പം മന്ത്രോച്ചാരണങ്ങൾ മാത്രമല്ല, വെളിച്ചപ്പാട്, ഉറയൽ മുതലായവയുമുണ്ടാകും. കൃഷി നന്നാക്കാൻ, മഴ പെയ്യിക്കാൻ, സുഭിക്ഷത കൈവരുത്താൻ, ശത്രുക്കളെ നശിപ്പിക്കാൻ—രോഗം മാറ്റാൻ—ഇങ്ങനെ പലതിനും ഇത്തരം മതച്ചടങ്ങുകൾ പ്രയോജനപ്പെടും എന്നാണ് വിശ്വാസം.

ഹിന്ദുക്കൾക്കും ബുദ്ധമതക്കാർക്കും വ്യത്യസ്തങ്ങളായ തന്ത്രവിദ്യകളുണ്ട്. ബുദ്ധമതക്കാരുടെ തന്ത്രവിദ്യകളിൽ പ്രധാനമായവ വജ്രയാനവും അതിൽ നിന്നു പിരിഞ്ഞുണ്ടായ സഹജയാനവുമാണ്. ആത്മപീഡനം കൂടാതെ സാധാരണ ലൗകികജീവിതം നയിച്ചുകൊണ്ടുതന്നെ മോചനം നേടാൻ കഴിയുമെന്നാണ് സഹജയാനം സിദ്ധാന്തിക്കുന്നത്. വജ്രയാനത്തിൽ ആഭിചാരങ്ങൾ എന്നപേരിലറിയപ്പെടുന്ന വിചിത്രങ്ങളായ ചില കർമങ്ങൾ ഉൾപ്പെടുന്നു. സ്വാർഥം നേടാനും ശത്രുക്കളെ നിർവീര്യരാക്കാനും സ്ത്രീകളെ വശീകരിക്കാനും മറ്റും സഹായിക്കുന്ന ആഭിചാരങ്ങളുണ്ടത്രേ. “ദേവികളെയും ദേവന്മാരെയും പൂജിക്കാൻ വേണ്ടി അവരുടെ വിഗ്രഹങ്ങളും ചിത്രങ്ങളും നിർമിക്കുക, പാട്ടുപാടുക, മന്ത്രങ്ങളുച്ചരിക്കുക, മുദ്രകൾ കാണിക്കുക, നിഗൂഢാർഥങ്ങളോടുകൂടിയ വട്ടങ്ങൾ വരയ്ക്കുക, ഹഠയോഗത്തിലും ധ്യാനയോഗത്തിലും ഏർപ്പെടുക, ലൈംഗികമായ താന്ത്രികയോഗസാധനകളിൽ ലയിക്കുക ഇങ്ങനെ പലതും കൂടിക്കലർന്ന വിപുലവും സങ്കീർണവുമായ ഒരേർപ്പാടാണത്.” [5]

വജ്രം എന്ന വാക്കിന് ശൂന്യത എന്നാണത്രേ അർഥം. വജ്രയാനത്തിൽ എല്ലാം ശൂന്യതയായിട്ടാണ് സങ്കൽപ്പിക്കപ്പെടുന്നത്. ദേവീദേവന്മാരുടെ വിഗ്രഹങ്ങൾ, ആരാധനാസാമഗ്രികൾ, മന്ത്രങ്ങൾ, മുദ്രകൾ, പാട്ടുകൾ, ആംഗ്യങ്ങൾ, നൃത്തങ്ങൾ എല്ലാം—എന്തിന്, ആരാധകൻപോലും—ശൂന്യതയുടെ പ്രതീകങ്ങളാണ്.

ഗന്ധർവതന്ത്രം ഉദ്ധരിച്ചുകൊണ്ട് ആവലോൺ എഴുതുന്നു: “മനുഷ്യൻ ദേവതയെ ആരാധിക്കുന്നത് സ്വയം ഒരു ദേവതയായി മാറിക്കൊണ്ടായിരിക്കണം. സ്വയം ദേവതയായി മാറാതെ ദേവതയെ ആരാധിക്കുന്നവന് ആ ആരാധനയുടെ ഫലം ലഭിക്കുകയില്ല.” [6].

ഹിന്ദുമതക്കാരനായ ഭക്തൻ സങ്കൽപ്പത്തിലെങ്കിലും സ്വയം ഒരു ദേവനോ ദേവിയോ ആയി മാറിക്കൊണ്ടാണ് സ്വന്തം അഭീഷ്ടങ്ങളോ മോക്ഷം തന്നെയോ നേടുന്നത്. ബുദ്ധമതക്കാർ ബുദ്ധത്വം പ്രാപിക്കുന്നത് സ്വയം ശൂന്യതയായിമാറിക്കൊണ്ടാണ്!

---

3. Sir. John Woodrooffe (Arthur Avalon): Sakti and sakta, P. 7.
4. Ibid, P. 515.
5. Dasgupta: An introduction of Tantric Buddhism, P. 80.
6. Arthur Avalon: Op. cit.

## 5 കുണ്ഡലിനി

എല്ലാ മനുഷ്യരുടെയും ശരീരങ്ങൾക്കുള്ളിൽ ബുദ്ധൻ സ്ഥിതി ചെയ്യുന്നുണ്ടെന്നും അതുകൊണ്ട് ഹഠയോഗ വിദ്യകളിലൂടെ ബുദ്ധത്വം പ്രാപിക്കാൻ കഴിയുമെന്നും ബൗദ്ധതാന്ത്രികന്മാർ വാദിച്ചു. പത്മം, ചക്രം മുതലായ പേരുകളിലറിയപ്പെടുന്ന ചില സിരാകേന്ദ്രങ്ങൾ അലൗകികങ്ങളായ ആത്മീയശക്തികളുടെ സഞ്ചാരപഥങ്ങളാണ്. നട്ടെല്ലിന്റെ ഇടത്തും വലത്തും നടുവിലുമുള്ള മൂന്നു നാഡികളാണ് ഏറ്റവും പ്രധാനം. ഇടതുഭാഗത്ത് ലലന, വലതുഭാഗത്തേത് പിംഗള അല്ലെങ്കിൽ രസന, നടുവിലുള്ളത് ചണ്ഡാലി അല്ലെങ്കിൽ സുഷുമ്ന. ലലന പ്രജ്ഞയെ (ശരിയായ ജ്ഞാനത്തെ)യും പിംഗള ഉപായത്തെ (ശരിയായമാർഗത്തെ)യും സുഷുമ്ന കേവലമായ ഏകത്വത്തെ (ബോധിയുടെ പ്രകാശത്തെ)യും പ്രതിനിധീകരിക്കുന്നു. യോഗസാധനകളിലൂടെ ഏറ്റവും അടിയിലുള്ള നാഡീകേന്ദ്രത്തിൽ പ്രജ്ഞയും ഉപായവും ഒന്നിച്ചുചേർന്ന് ബോധിചിത്തത്തിന്റെ, അല്ലെങ്കിൽ ദിവ്യജ്ഞാനത്തിന്റെ, ചിന്താധാരയായി രൂപാന്തരപ്പെടുകയും അത് നടുവിലുള്ള നാഡിയിലൂടെ മുകളിലേക്ക് പോയി നിശ്ചലമായ പരമാനന്ദാവസ്ഥയിലെത്തിച്ചേരുകയും ചെയ്യുന്നു.

ഈ വിചിത്രമായ യോഗസാധനയെ തുച്ചി ഇങ്ങനെ വിവരിക്കുന്നു:

> "പ്രാണന്റെ (ശ്വാസത്തിന്റെ) സഹായത്തോടുകൂടി ലലന, രസന എന്നീ രണ്ടു ചാലുകളിലൂടെ നയിക്കപ്പെടുന്ന ചിത്തം സജീവവും ക്രിയാത്മകവുമായിരിക്കും. അതു നമ്മെ ബാഹ്യലോകവുമായി ബന്ധപ്പെടുത്തുകയും ലോകത്തിലെ ശബ്ദങ്ങളും പ്രീതികളും നമുക്കു കൊണ്ടുവന്നു തരികയും ചെയ്യുന്നു. ചിത്തത്തിൽ വ്യത്യസ്തങ്ങളായ ആയിരമായിരം പ്രതികരണങ്ങളുണ്ടാകുന്നു. അങ്ങനെ അത് ബാഹ്യവസ്തുക്കൾ കൊണ്ട് നമ്മെ തടവിലാക്കുന്ന വലകൾ നെയ്തുണ്ടാക്കുകയും നമ്മെ നമ്മിൽ നിന്നു തന്നെ പുറത്താക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അസ്ഥിരവും ചഞ്ചലവുമായ ചിത്തത്തെ ഇടതും വലതുമുള്ള നാസാരന്ധ്രങ്ങളിലൂടെ മൂലാധാരത്തിൽ ഒന്നിച്ചുചേരുന്ന നാഡികളിലൂടെ കുണ്ഡലിനിയിലേക്ക്, അതായത് മൂലാധാരത്തിൽ നിന്ന് നട്ടെല്ലിലൂടെ ശിരസിന്റെ മധ്യത്തിലുള്ള ബ്രഹ്മരന്ധ്രം വരെയെത്തുന്ന മധ്യനാഡിയിലേക്ക്, നയിക്കുകയാണ് യോഗസാധനകളുടെ ഉദ്ദേശ്യം." [7] ഈ ഗതിക്രമത്തിലൂടെ ചിത്തം ക്രമേണ പരിശുദ്ധമായിത്തീരുകയും "ഒടുവിൽ അതിന്റെ എല്ലാ പ്രവർത്തനങ്ങളും അവസാനിപ്പിച്ച് സഹജത്തിന്റെ പരമാനന്ദത്തിൽ, അതായത് നമ്മിലുള്ള കേവലത്വത്തിൽ, ലയിച്ചുചേരുകയും ചെയ്യുന്നു." [8]

സർ ജോൺ വുഡ് റോഫ് എഴുതുന്നു: "മനുഷ്യശരീരത്തിനുള്ളിലെ മൂലാധാര ചക്രത്തിനകത്ത് ചുറ്റിവളഞ്ഞു കിടക്കുന്ന ഒരു നാഡിക്കുള്ളിൽ പ്രപഞ്ചത്തിന്റെ ജീവശക്തിയെ കുലകുണ്ഡലിനി സ്ഥിതിചെയ്യുന്നു. അത് ശബ്ദബ്രഹ്മത്തിന്റെ പുരുഷഭാവമായ സ്വയംഭൂവിനു ചുറ്റും ചുരുണ്ടുകൂടി കിടക്കുകയും തന്റെ പുറംമൂടികൊണ്ട് അതിന്റെ മുഖത്തെ ആവരണം ചെയ്യുകയും ചെയ്യുന്നു. കുണ്ഡലീനിയുടെ ശരീരത്തിൽ നിന്ന് സദാ ശബ്ദം പുറപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അത് സുഷുപ്തിയിൽ ആണ്ടുകിടക്കുകയാണെന്ന് കരുതപ്പെടുന്നു." [9]

കുണ്ഡലിനീശക്തി സ്ത്രീരൂപത്തിലും മനുഷ്യാത്മാവ് പുരുഷരൂപത്തിലുമാണ് സങ്കൽപ്പിക്കപ്പെടുന്നത്. സ്ത്രീഭാവത്തെയും പുരുഷഭാവത്തെയും കൂട്ടിയോജിപ്പിക്കുകയാണ് സാധകന്റെ കർത്തവ്യം. സാധനയുടെ ഉദ്ദേശ്യവും അതുതന്നെ. "ശരീരത്തിനുള്ളിലെ ശക്തികളെ ഉണർത്തിവിടാൻ വേണ്ടിയുള്ളതാണ് ഈ സാധന. സാധനയിലൂടെ കുണ്ഡലിനിയെ ഉണർത്തി ചക്രങ്ങളെ ഭേദിക്കാൻ കഴിയുന്നവൻ സിദ്ധനായിത്തീരുന്നു". ഉറങ്ങിക്കിടക്കുന്ന ശക്തിയെ ഉണർത്താൻ പ്രത്യേകതരത്തിലുള്ള സാധനയാവശ്യമാണ്. "നട്ടെല്ലിന്റെ അടിഭാഗത്ത് ഒരു സർപ്പത്തെപ്പോലെ ചുരുണ്ടുകിടക്കുന്ന കുണ്ഡലിനിയെ പ്രാണായാമമെന്നു വിളിക്കപ്പെടുന്ന സവിശേഷരീതിയിലുള്ള ശ്വാസോച്ഛ്വാസപ്രക്രിയകളുടെ സഹായത്തോടുകൂടി സുഷുമ്നയിലൂടെ മൂർധാവിലുള്ള സഹസ്രാരത്തിലേക്കു നയിക്കണം". [10] മൂർധാവിന്റെ ആ കേന്ദ്രത്തിലാണ് സ്ത്രീപുരുഷഭാവങ്ങൾ നിത്യവും കേവലവുമായ പരമാനന്ദത്തിൽ കൂട്ടിയോജിപ്പിക്കപ്പെടുന്നത്!

മധ്യകാലത്തെ മതവിശ്വാസങ്ങളിലും മതചടങ്ങുകളിലും ശക്തിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. ഹിന്ദുമതതന്ത്രങ്ങളിൽ സ്ത്രീപുരുഷസംയോഗം ശിവനും ശക്തിയും തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകമാണ്. ബുദ്ധമതതന്ത്രങ്ങളിലാകട്ടെ, അത് പ്രജ്ഞയും ഉപായവും തമ്മിലുള്ള ഐക്യത്തിൻറ പ്രതീകമാണ്. ശിവൻ വീര്യവും ശക്തി ഓജസ്സുമാണ്. ശക്തിയില്ലെങ്കിൽ ശിവനു പ്രവർത്തിക്കാൻ കഴിയില്ല. അതുപോലെ പ്രജ്ഞയും ഉപായവും തമ്മിലുള്ള ഐക്യമില്ലെങ്കിൽ ബുദ്ധത്വം പ്രാപിക്കാൻ കഴിയില്ല. സ്ത്രീപുരുഷഭാവങ്ങൾ തമ്മിലുള്ള ഐക്യമാണ് പരമാനന്ദം. അതാണ് സർവസൃഷ്ടികളുടെയും ഉറവിടം.

---

7. Guiseppe Tucci: The Theory and Practice f Mandala, P. 113.
8. Ibid.
9. Sir. John Woodrooffe: Principles of Tantra P. 400.
10. Ibid, P. 374.

## 6 പഞ്ചതത്വപൂജ

തന്ത്രവിദ്യ വാമാചാരമെന്നും ദക്ഷിണാചാരമെന്നും രണ്ടു വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടിട്ടുണ്ട്. കാമവികാരങ്ങളെയും ലൈംഗികവാസനകളെയും അടിച്ചമർത്തുന്നതിനുപകരം അവയെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്തുകൊണ്ട് ഉൽകൃഷ്ടവികാരങ്ങളാക്കി രൂപാന്തരപ്പെടുത്തുകയാണ് വേണ്ടത് എന്ന് ദക്ഷിണാചാരം സിദ്ധാന്തിക്കുന്നു. വാമാചാരം, നേരെമറിച്ച്, സംസ്കരിക്കപ്പെടാത്ത രൂപത്തിലുള്ള കാമവികാരങ്ങളും ലൈംഗിക പ്രവർത്തനങ്ങളും മോക്ഷത്തിലേക്കുള്ള വഴിയാണെന്നു വാദിക്കുന്നു. ദക്ഷിണാചാരന്മാർ പുരുഷഭാവത്തെ ഊന്നുന്നു. വാമാചാരന്മാർ സ്ത്രീഭാവത്തിനാണ് പ്രാധാന്യം കൽപ്പിക്കുന്നത്. രണ്ടു കൂട്ടരും ലൈംഗികപ്രക്രിയകളെ മതപരമായ ഒരു തത്വത്തിലേക്കുയർത്തുന്നു.

ലോകത്തിൽ അവിശുദ്ധമോ അസാന്മാർഗികമോ ആയ യാതൊന്നുമില്ലെന്ന് വജ്രയാനക്കാർ പ്രഖ്യാപിക്കുന്നു. സാധാരണക്കാർ നിഷിദ്ധമെന്നു കരുതുന്നതെന്തും സാധകനു സ്വീകാര്യമാണ്. അവൻ മദ്യത്തിലോ ലൈംഗിക സംയോഗത്തിലോ ആനന്ദം നേടുന്നത് ഒരു സാധാരണമനുഷ്യനെപ്പോലെയല്ല, ഒരു ദേവന്റെയോ ദേവിയുടെയോ പ്രതീകമായിട്ടാണ്. ഭോഗത്തെ യോഗമാക്കി മാറ്റുന്ന ഒരു മതചടങ്ങാണത്! എല്ലാത്തരത്തിലുമുള്ള സുഖഭോഗങ്ങളിൽ ലയിക്കാൻ പഠിച്ചാൽ ബുദ്ധത്വം പ്രാപിക്കുക എളുപ്പമായിത്തീരുമെന്ന് ഗുഹ്യസമാജതന്ത്രം എന്ന ബൗദ്ധകൃതി ചൂണ്ടിക്കാണിക്കുന്നു. എന്തെന്നാൽ, “വികാരോത്തേജനം നിർവാണം പോലെയാണ്”. മാത്രമല്ല, “ത്യാഗവും തപസ്സും പരാജയപ്പെടുന്നേടത്ത് ഇച്ഛാപൂർത്തി വിജയിക്കും.”

തന്ത്രവിദ്യയിൽ പഞ്ചതത്വം എന്ന പേരിലറിയപ്പെടുന്ന ചടങ്ങിന് വലിയ പ്രാധാന്യമാണ് കൽപ്പിക്കുന്നത്. പഞ്ചതത്വമെന്നാൽ മദ്യം, മാംസം, മത്സ്യം, മുദ്ര (വറുത്തധ്യാനം), മൈഥുനം എന്നീ അഞ്ചു മകാരതത്വങ്ങളെ ആരാധിക്കലാണ്. അതിൽ ബിഹാരി ഘോഷ് ഈ തത്വങ്ങളെ ഇങ്ങനെയാണ് വിവരിക്കുന്നത്:

> “മദ്യതത്വം ആനന്ദത്തെയും ആന്തരികേന്ദ്രിയങ്ങളെയും അതിശീഘ്രം ഉത്തേജിപ്പിക്കുന്നു. ഭൗതികതലത്തിൽ നിന്ന് മനസ്സിനെ ഉയർത്താൻ വേണ്ടി ആനന്ദത്തെയും ഉത്തേജിപ്പിക്കപ്പെട്ട ഇന്ദ്രിയങ്ങളെയും എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് ഗുരുശിഷ്യനു പഠിപ്പിച്ചു കൊടുക്കുന്നു. ഭൗതികതലത്തിൽ അറിയപ്പെടുന്ന ലൈംഗികസംഭോഗത്തെയും ഈ ലക്ഷ്യത്തിനു വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. മനുഷ്യനെ അധഃപതനത്തിലേക്കു നയിക്കുന്ന ഈ രണ്ടു ക്രിയകൾ—മദ്യപാനവും ലൈംഗികസംഭോഗവും—മൃഗങ്ങളെപ്പോലെ കേവലം വാസനകളെ തൃപ്തിപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്നതിനുപകരം ഉന്നതമായ ഒരു ലക്ഷ്യത്തിനുവേണ്ടി പ്രയോഗിക്കേണ്ടതെങ്ങനെയെന്ന് ഗുരു പഠിപ്പിച്ചുകൊടുക്കുന്നു. അഞ്ചാമത്തെ തത്വമായ മൈഥുനം ഏറ്റവും പരിപാവനമാണെന്നും പുതിയൊരു ജീവന്റെ സൃഷ്ടിക്കു കാരണമായിത്തീരുന്നതുകൊണ്ട് ഈ ക്രിയയിൽ വലിയ ശ്രദ്ധ ചെലുത്തേണ്ടതാവശ്യമാണെന്നും ശിഷ്യനു മനസ്സിലാക്കി കൊടുക്കുന്നു.” [11]

“പഞ്ചതത്വപൂജ—അതിനെ ഒരു പൂജ എന്നു വിളിക്കാമെങ്കിൽ—തത്വത്തിലും പ്രയോഗത്തിലും യുക്തിയുക്തമായ ഒരു അദ്വൈതപൂജയാണെന്ന് വിവരമുള്ളവരെല്ലാം സമ്മതിക്കണം” [12] എന്ന് പ്രമഥനാഥ മുഖോപാധ്യായ അഭിപ്രായപ്പെടുന്നു.

താന്ത്രികന്മാരുടെ അഭിപ്രായത്തിൽ, ഇത്തരം ക്രിയകളുടെ ലക്ഷ്യം ലൗകികങ്ങളായ സുഖഭോഗങ്ങളോ ഭൗതികവാദത്തിന്റെ പ്രചാരമോ അല്ല, ബ്രഹ്മസാക്ഷാൽക്കാരം, അല്ലെങ്കിൽ ബുദ്ധത്വം പ്രാപിക്കൽ, ആണ്.

ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ടെന്നു തോന്നുന്നു. പഞ്ചതത്വമാർഗത്തെ അതിശയോക്തിപരമായി വർണിച്ചുകൊണ്ട് അത് ഇന്ത്യയിലൊട്ടുക്കും സാർവത്രികവും സർവസാധാരണവുമായിരുന്നു എന്നു വാദിക്കാനുള്ള ഒരു വാസന ചില ഗ്രന്ഥകാരന്മാരിൽ, വിശേഷിച്ചും വിദേശീയരായ ചില ഗ്രന്ഥകാരന്മാരിൽ, കാണാനുണ്ട്. ഇതുശരിയല്ല. ഇന്ത്യയിലെ അപൂർവം ചില പ്രദേശങ്ങളിൽ മാത്രമേ, (ഒരുപക്ഷേ, ബംഗാളിലും ബീഹാറിലും കുറച്ചു കൂടുതലാവാം ഇത്തരം മതചടങ്ങുകൾ നിലവിലുണ്ടായിരുന്നുള്ളൂ. അതുതന്നെ വളരെ പരസ്യമായിരുന്നു എന്നുപറയാനും വയ്യ. അതുകൊണ്ട് ഈ ചടങ്ങുകൾക്ക് ദാർശനികമായ ഒരുള്ളടക്കം നൽകാനുള്ള ചില ഗ്രന്ഥകാരന്മാരുടെ വെമ്പൽ അത്ര ആദരണീയമാണെന്നു തോന്നുന്നില്ല. മദ്യമൈഥുനാദികൾക്ക് ദർശനത്തിന്റെ പരിവേഷം നൽകിയ തത്വശാസ്ത്രജ്ഞന്മാരുടെ പേരുകൾ പോലും പ്രസിദ്ധങ്ങളല്ലെന്നുള്ളത് അർഥഗർഭമാണ്.

---

11. Atal Behari Ghosh: Cultural Heritage of India, Vol II. P. 201.
12. Pramathanath Mukhopadhyaya: Cultural Heritage of India. Vol. II. P. 170.

## 7 ബുദ്ധമതത്തിന്റെ അധഃപതനം

ഉന്നതങ്ങളായ ലക്ഷ്യങ്ങളിലേക്കുള്ള മാർഗങ്ങളായിരുന്ന അവയെന്ന് വ്യാഖ്യാനിക്കുന്നതും ശരിയാണെന്ന തോന്നുന്നില്ല. ബ്രഹ്മസാക്ഷാൽക്കാരത്തെപ്പറ്റി പ്രാചീനദാർശനികന്മാരും നിർവാണത്തെപ്പറ്റി ഗൗതമബുദ്ധനും ഉന്നയിച്ച തത്വങ്ങളെവിടെ? മധ്യകാലത്തെ താന്ത്രികന്മാരുടെ മദ്യമൈഥുനാദികളിലൂടെയുള്ള ബ്രഹ്മസാക്ഷാൽക്കാരവും ബുദ്ധത്വം പ്രാപിക്കലും എവിടെ? അതുകൊണ്ട് തന്ത്രവിദ്യ ഉന്നതമായ ഒരു ദർശനമായിരുന്നു എന്ന് പറയുന്നത് സൂക്ഷിച്ചുവേണം. യഥാർഥത്തിൽ അത് മധ്യകാലത്തെ അധഃപതനവാസനകളുടെ പ്രതിഫലനമായിരുന്നു. ബുദ്ധമതത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇതു കൂടുതൽ വ്യക്തമാകും.

തന്റെ ശിഷ്യന്മാർ, പ്രത്യേകിച്ചും ഭിക്ഷുക്കൾ, തങ്ങളുടെ ദൈനംദിന ജീവിതത്തിൽ കർശനങ്ങളായ ചില സാന്മാർഗിക നിയമങ്ങൾ പാലിക്കണമെന്ന് ബുദ്ധൻ വീണ്ടും വീണ്ടും ഉൽബോധിപ്പിക്കുകയുണ്ടായി. മത്സ്യവും മാംസവും ഭക്ഷിക്കാനോ മദ്യം കഴിക്കാനോ ലൈംഗിക സംഭോഗങ്ങളിലേർപ്പെടാനോ ഭിക്ഷുക്കൾക്ക് അനുവാദമുണ്ടായിരുന്നില്ല. നേരെമറിച്ച് ബുദ്ധമതം അധഃപതിക്കാൻ തുടങ്ങിയപ്പോൾ അതേവരെ നിന്ദ്യങ്ങളായി കരുതപ്പെട്ട കർമങ്ങൾക്കെല്ലാം അംഗീകാരം നൽകപ്പെട്ടു. അങ്ങനെ ഒരുകാലത്ത് സാമൂഹ്യജീവിതത്തിൽ സജീവവും വിപ്ലവകരവുമായ പങ്കുവഹിച്ച ബുദ്ധമതം നാശത്തിലേക്കു നയിക്കപ്പെട്ടു. ഒറ്റപ്പെട്ട ചില ബൗദ്ധ ദാർശനികന്മാർ അപ്പോഴും ദന്തഗോപുരങ്ങളിലിരുന്നുകൊണ്ട് ഉന്നതങ്ങളും സങ്കീർണങ്ങളുമായ തത്വചിന്തകളെപ്പറ്റിയുള്ള വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടിരുന്നു എന്നതുശരിയാണ്. പക്ഷേ, മതപരമായ അധഃപതന വാസനകളുടെ ചുറ്റുപാടുകളിൽ ബൗദ്ധദർശനവും അധികമധികം ക്ഷയോന്മുഖമായിത്തീർന്നു. ബുദ്ധനെ വളരെയധികം ആദരിക്കുകയും ബൗദ്ധതത്വങ്ങൾ വിലപിടിച്ചവയാണെന്നു പ്രഖ്യാപിക്കുകയും ചെയ്ത സ്വാമി വിവേകാനന്ദൻപോലും ഇങ്ങനെ എഴുതി:

> “ബുദ്ധമതത്തിന് അത്ഭുതകരമായ ധാർമികശക്തിയുണ്ടായിരുന്നു. പക്ഷേ, അതിൽ അതിരുകവിഞ്ഞ വിഗ്രഹഭഞ്ജനവാസനകൾ അടങ്ങിയിരുന്നു. അതിന്റെ ശക്തിയുടെ പ്രധാനഭാഗം നിഷേധാത്മകങ്ങളായ പരിശ്രമങ്ങളിലാണ് ചെലവഴിക്കപ്പെട്ടത്. ജനിച്ച നാട്ടിൽതന്നെ അതിനു മൃതിയടയേണ്ടിവന്നു. എന്തിനെയെല്ലാം നശിപ്പിക്കാനാണോ അത് ഉദ്ദേശിച്ചത് അവയെക്കാൾ നൂറിരട്ടി അസഭ്യങ്ങളായ അന്ധവിശ്വാസങ്ങളും ചടങ്ങുകളും മാത്രമാണ് അവശേഷിച്ചത്. വേദങ്ങളിലെ ജന്തുബലികളെ ഭാഗികമായിട്ടെങ്കിലും അവസാനിപ്പിക്കാൻ അതിനു സാധിച്ചു. പക്ഷേ, അതു രാജ്യത്തെ മുഴുവൻ അമ്പലങ്ങൾ കൊണ്ടും ബിംബങ്ങൾ കൊണ്ടും പ്രതിമകൾ കൊണ്ടും പുണ്യവാളന്മാരുടെ എല്ലുകൾ കൊണ്ടും നിറച്ചു. എല്ലാറ്റിനുമുപരി ആര്യന്മാരുടെയും മംഗോളിയരുടെയും ആദിമനിവാസികളുടെയും സങ്കരത്തിലൂടെ, അബോധമായിട്ടാണെങ്കിലും, ബീഭത്സങ്ങളായ ചില വാമാചാരക്രിയകൾക്ക് അതു വഴിയൊരുക്കി. അതുകൊണ്ടുതന്നെയാണ് മഹാനായ ഗുരുവിന്റെ സിദ്ധാന്തങ്ങളുടെ ഈ വികൃതരൂപങ്ങളെ ഇന്ത്യയിൽ നിന്ന് ആട്ടിപ്പുറത്താക്കാൻ ശ്രീശങ്കരനും അദ്ദേഹത്തിന്റെ സന്യാസിസംഘവും തയ്യാറായത്.” [13]

ബുദ്ധമതം അതിൻറേതായ ധാർമികാനുശാസനങ്ങളെ പരിത്യജിച്ചുകൊണ്ട് സാധാരണക്കാരായ ജനങ്ങൾക്കിടയിൽ നിലനിന്നിരുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും ചടങ്ങുകളെയും സ്വീകരിച്ചപ്പോൾ അകത്തുനിന്നും പുറത്തുനിന്നുമുള്ള ആക്രമണങ്ങൾക്കിരയായി. യാഥാർഥ്യവാദത്തിന്റെ അടിസ്ഥാനത്തിലുള്ള വൈഭാഷിക-സൗത്രാന്തകദർശനങ്ങൾ പിന്തള്ളപ്പെടുകയും ആത്മീയവാദത്തിന്റെ അടിസ്ഥാനത്തിലുള്ള യോഗാചാരത്തിനും മാധ്യമികത്തിനും മുൻഗണന നൽകപ്പെടുകയും ചെയ്തതോടെ അതിന്റെ ദാർശനികമായ അടിത്തറയും തകരാൻ തുടങ്ങി. ഇതിനിടയ്ക്കാണ് പ്രാചീനബുദ്ധമതത്തിന്റെ ചില ദാർശനികസിദ്ധാന്തങ്ങളും ബുദ്ധൻ പ്രചരിപ്പിച്ച സാന്മാർഗികവും ആധ്യാത്മികവുമായ ചില മൂല്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഹിന്ദുമതം മുന്നേറിയത്.

---

13. Selections from Swami Vivekananda.

# 8 ദക്ഷിണേന്ത്യയിൽ

ബുദ്ധമതം ഉത്തരേന്ത്യയൽ ക്ഷയിച്ച പിന്മാറാൻ തുടങ്ങിയതിനുശേഷവും കുറച്ചു കാലം ദക്ഷിണേന്ത്യയിൽ ആധിപത്യം വഹിച്ചുകൊണ്ടിരുന്നു. പക്ഷേ, പുതിയ നാട്ടുവാഴി ഭരണകൂടങ്ങളുടെ ആവിർഭാവം അതിനെ കൂടുതൽ കൂടുതൽ ദുർബലമാക്കുകയാണ് ചെയ്തത്. ദക്ഷിണേന്ത്യയിലെ രാജാക്കന്മാർ തമ്മിൽ തമ്മിലുള്ള മത്സരങ്ങളിലും പലപ്പോഴും ഒരുഭാഗത്ത് ഹിന്ദുമതവും മറുഭാഗത്ത് ബൗദ്ധ-ജൈനമതങ്ങളും തമ്മിലുള്ള മത്സരങ്ങൾ പ്രതിഫലിച്ചിരുന്നു. ശൈവന്മാരും വൈഷ്ണവന്മാരുമായ പുണ്യവാളന്മാർ പ്രമുഖമായ പങ്കുവഹിച്ച ഇത്തരം മത്സരങ്ങളെപ്പറ്റി ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ പല പ്രസ്താവങ്ങളും കാണാം. ഹിന്ദുമത പുണ്യവാളന്മാർ ജനപ്രിയരായിത്തീർന്നത് അവരുടെ ഭക്തിഗാനങ്ങൾ കൊണ്ടുമാത്രമല്ല, ബൗദ്ധ-ജൈനമതങ്ങൾക്കെതിരായി അവർ നടത്തിയ സമരങ്ങൾകൊണ്ടു കൂടിയാണ്. ഏഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പല്ലവരാജാക്കന്മാർക്ക് നേരിട്ട തകർച്ചയും വൈഷ്ണവമതമംഗീകരിച്ച ചാലൂക്യന്മാരുടെ മുന്നേറ്റവും കുറിക്കുന്നത് ബുദ്ധമതത്തിന്റെ പരാജയത്തെയും ഹിന്ദുമതത്തിന്റെ വിജയത്തെയുമാണ്.

ഒരുതരത്തിൽ നോക്കിയാൽ, ഒന്നാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനുമിടയിലുള്ള കാലഘട്ടം ഹിന്ദുമതവും ബുദ്ധമതവും തമ്മിലുള്ള സംഘട്ടനങ്ങളുടെ കാലഘട്ടമാണ്. ഹിന്ദുമതം മെല്ലെ മെല്ലെ മുന്നേറിക്കൊണ്ടിരുന്ന ഒരു കാലഘട്ടമാണത്. ഏഴാം നൂറ്റാണ്ടിലെ കുമാരിലഭട്ടനെപ്പോലെയുള്ള തത്വജ്ഞാനികൾ ബുദ്ധമതത്തിനെതിരായി ഹിന്ദുമതത്തെ ഉറപ്പിക്കാനാണ് സഹായിച്ചത്. ബുദ്ധമതക്കാർക്ക് വേദങ്ങളുടെ അടിസ്ഥാനത്തിലുള്ള ദർശനങ്ങളെയും ജാതിവ്യവസ്ഥയെയും വിമർശിക്കാൻ എന്തവകാശമാണുള്ളത് എന്ന ഭട്ടൻ ചോദിച്ചു. ബുദ്ധമതത്തെയും ബൗദ്ധദർശനത്തെയും മാത്രമല്ല, അവയുടെ സ്ഥാപകനായ ബുദ്ധനെത്തന്നെയും അദ്ദേഹം പുച്ഛിക്കുകയും ആക്ഷേപിക്കുകയും ചെയ്തു: "ക്ഷത്രിയഭരണാധികാരികളുടെ ജാതിയിൽ ജനിച്ച ബുദ്ധൻ സ്വന്തം ജാതിധർമങ്ങളെ ലംഘിച്ചുകൊണ്ട് മറ്റുള്ളവരിൽ നിന്നു കിട്ടിയ പിച്ചയെ ആശ്രയിച്ചു ജീവിക്കുകയാണ് ചെയ്തത്. അങ്ങനെയുള്ള ബുദ്ധന് ശരിയായ മാർഗമേതെന്ന് മറ്റുള്ളവരെ ഉപദേശിക്കാൻ എങ്ങനെ ധൈര്യം വന്നു?... ബുദ്ധൻ പ്രചരിപ്പിച്ച അഹിംസ, കരുണ തുടങ്ങിയ ഉൽകൃഷ്ടതത്വങ്ങൾ പട്ടിത്തോൽ കൊണ്ടുണ്ടാക്കിയ ഒരു പാത്രത്തിൽ ഒഴിച്ചുവെച്ചിട്ടുള്ള നല്ല പശുവിൻപാൽ പോലെയാണ്. അവ അവിശുദ്ധങ്ങളാണ്, അവിശ്വസനീയങ്ങളാണ്, അസ്വീകാര്യങ്ങളാണ്.

ക്ഷയോന്മുഖമായ ബുദ്ധമതത്തിനു നേരിടേണ്ടിവന്ന ആക്ഷേപപരിഹാസ്യങ്ങളിൽ ഒന്നു മാത്രമാണിത്. തുടരെത്തുടരെയുണ്ടായ ഇത്തരം ആക്രമണങ്ങളെ നേരിടാൻ ബൗദ്ധപണ്ഡിതന്മാർക്കു കഴിയാതെയായി. മാറിയ സാമൂഹ്യസാഹചര്യങ്ങളിൽ അവർ അധികമധികം ഒറ്റപ്പെട്ടു. എട്ടാം നൂറ്റാണ്ടിൽ ശങ്കരൻ ബൗദ്ധന്മാർക്കെതിരായി നടത്തിയ നിരങ്കുശമായ ദാർശനികാക്രമണത്തിനുശേഷം വളരെക്കാലം ഇന്ത്യയുടെ മണ്ണിൽ നിലനിൽക്കാൻ പോലും അവർക്ക് വിഷമമായിത്തീർന്നു. ബൗദ്ധപതാക പിന്നീട് പാറിക്കളിച്ചത് ചൈന, ജപ്പാൻ, ബർമ, സിലോൺ തുടങ്ങിയ രാജ്യങ്ങളിലാണ്.

ഇതിന്റെ അർത്ഥം ഇന്ത്യയിൽ ബുദ്ധൻ കൊളുത്തിവെച്ച വിളക്ക് പൂർണമായും കെട്ടടങ്ങിയെന്നല്ല. നേരെമറിച്ച്, അതിന്റെ പ്രകാശകിരണങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പല ദാർശനികന്മാരും തങ്ങളുടെ സ്വന്തം ചിന്തകൾ പ്രചരിപ്പിച്ചത്. അഹിംസ, കരുണ തുടങ്ങിയ മൂല്യങ്ങളാകട്ടെ, സാധാരണക്കാരായ ജനങ്ങൾക്കിടയിൽ ഇന്നും വിലമതിക്കപ്പെടുകയും ചെയ്യുന്നു.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014